**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1722** **04-02-2026 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് മണ്ഡലത്തിലെ വലിയവെളിച്ചം കാംകോ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2015-ൽ ആരംഭിച്ച കേരള ആഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന്റെ (കാംകോ) യംഗ് ജനറേഷൻ പവർ ടില്ലർ ഉല്പാദന യൂണിറ്റിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ; | (എ) | കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ സ്ഥാപിച്ച കാംകോ ന്യൂ ജനറേഷൻ പവർ ടില്ലർ യൂണിറ്റിന്റെ ഉത്പാദന സംബന്ധമായ ജോലികൾ താൽക്കാലികമായി നിറുത്തി വെച്ചിരുന്നു. അവിടെ ഉത്പാദനം നടത്തുവാൻ വിഭാവനം ചെയ്തിരുന്ന ന്യൂ ജനറേഷൻ പവർ ടില്ലർ പുതിയ സാങ്കേതിക വിദ്യ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. പ്രസ്തുത യന്ത്രത്തിന്റെ ഘടകങ്ങൾ വികസിപ്പിക്കുന്നതിനും ടെസ്റ്റിംഗ് സംബന്ധമായ ജോലികൾ തീർക്കുന്നതിനും അനുബന്ധ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനും കാലതാമസം ഉണ്ടായതിനാലാണ് ഉത്പാദനം ആരംഭിക്കുവാൻ കഴിയാത്തത്. |
| (ബി) | കാർഷിക മേഖലയിലേക്ക് പുതിയ തലമുറയെ ആകർഷിക്കാനുള്ള യന്ത്ര നിർമ്മാണത്തിന് വഴിയൊരുക്കുന്ന ഏറെ സൗകര്യപ്രദമായ പ്രസ്തുത യൂണിറ്റ് കാര്യക്ഷമമാക്കി ഉല്പാദനക്ഷമത വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | കാംകോ വലിയവെളിച്ചം യൂണിറ്റിൽ ന്യൂ ജനറേഷൻ പവർ ടില്ലറിന്റെ ഉത്പാദനം ആരംഭിക്കുന്നതിനുള്ള ജോലികൾ പുരോഗമിച്ചു വരുന്നു. ട്രയൽ അടിസ്ഥാനത്തിൽ 50 യന്ത്രങ്ങൾ കാംകോ അത്താണിയിലുള്ള ആർ ആൻഡ് ഡി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഉത്പാദനം നടത്തിയിട്ടുണ്ട്. പ്രസ്തുത യന്ത്രങ്ങൾ ടെസ്റ്റിംഗ് പൂർത്തിയാക്കി അനുബന്ധ ഉപകരണങ്ങൾ കൂടി കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനും ട്രയൽ മാർക്കറ്റിംഗ് നടത്തുന്നതിനും കാലതാമസം കൂടാതെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പ്രസ്തുത യൂണിറ്റിൽ ഘടകങ്ങളുടെ പെയിന്റിംഗ് ജോലികൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, pollution control board-ന്റെ effluent treatment plant തുടങ്ങിയവ ഏർപ്പെടുത്തുന്നതിനുമുള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കാംകോ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | സ്വകാര്യ കമ്പനികളുടെ യന്ത്രത്തിന് പകരം സർക്കാർ സ്ഥാപനങ്ങളിൽ നിർമ്മിക്കുന്ന യന്ത്രങ്ങൾ | (സി) | കൃഷിക്കാർക്ക് കുറഞ്ഞ വിലയിൽ കാർഷികയന്ത്രങ്ങൾ ലഭ്യമാക്കുന്നതിനായി ന്യൂ |

| | | | |
|---|---|---|---|
| | കർഷകർക്ക് വിലക്കുറവിൽ ലഭ്യമാക്കാൻ കുത്തുപറമ്പിലെ കാംകോ യൂണിറ്റിനെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | | ജനറേഷൻ പവർ ടില്ലറിനു പുറമേ വിവിധ റീപ്പർ മോഡലുകൾ, ചെറിയ കാർഷിക യന്ത്രങ്ങൾ തുടങ്ങിയവ വലിയവെളിച്ചം യൂണിറ്റിൽ നിന്നും പുറത്തിറക്കുന്നതിന് കാംകോ നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ